## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4534** **13.11.2019 ലെ മറുപടി**

### ഹരിപ്പാട് കരുവാറ്റ ലീഡിംഗ് ചാനൽ പുനർനിർമ്മാണം

| ചോദ്യം<br>ശ്രീ.അൻവർ സാദത്ത്: | മറുപടി<br>കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
|---|---|
| (എ) ഹരിപ്പാട് കരുവാറ്റ ലീഡിംഗ് ചാനൽ കഴിഞ്ഞ പ്രളയത്തിൽ തകർന്ന വസ്തുത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) പ്രളയത്തിൽ കാര്യമായ തകർച്ചയുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഇതുമൂലം എത്ര ഏക്കർ പ്രദേശത്തെ കൃഷിയാണ് പ്രതിസന്ധിയിലായിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) ഇതുമായി ബന്ധപ്പെട്ട് കൃഷി നാശമുണ്ടായതായ വിവരങ്ങൾ ലഭ്യമായിട്ടില്ല. |
| (സി) ഇതുമൂലം ദുരിതം അനുഭവിക്കുന്ന കുടുംബങ്ങളെ രക്ഷിക്കുവാനായി ലീഡിംഗ് ചാനലിൽ തകർന്ന ഭാഗം അടിയന്തരമായി പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) ലീഡിംഗ് ചാനലിലൂടെ പ്രളയജലം കൂടുതൽ ഫലപ്രദമായ രീതിയിൽ പൊഴി മുഖേന ഒഴുകിപ്പോകുന്നതിനുള്ള പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ